തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും

175 (3925) ശ്രീ. വർക്കല കഹാർ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തൊണ്ട് സംഭരണത്തിനും ചകിരി ഉൽപ്പാദനത്തിനും വേണ്ടി എന്തെങ്കിലും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) തൊണ്ട് സംഭരണത്തിനും ചകിരി ഉൽപ്പാദനത്തിനും വേണ്ടി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് 2010-ലും 2012-ലും തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയെങ്കിലും പ്രതീക്ഷിച്ച നേട്ടം ഈ മേഖലയിൽ കൈവരിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. ഈ പോരായ്മ പരിഹരിക്കുന്നതിനും കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് തൊണ്ട് സംഭരണവും ചകിരി ഉത്പാദനവും എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് മുഴുവൻ സംഭരിച്ച് ചകിരി ഉൽപാദിപ്പിച്ച് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കി കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും അതുവഴി കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും മികച്ച വരുമാനവും ഉറപ്പാക്കി കയർ വ്യവസായം പരിപോഷിപ്പിക്കുന്നതിനുമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കയർ വികസന വകുപ്പിന് പുറമേ സഹകരണ, സ്വകാര്യ ഡീഫൈബറിംഗ് മില്ലുകൾ, കയർപിരി മേഖലയിലെ സഹകരണ സംഘങ്ങൾ, കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, സ്വകാര്യ മേഖലയിലെ കയർപിരി, കയർ ഉൽപ്പന്ന നിർമ്മാണ സ്ഥാപനങ്ങൾ, കയറ്റുമതിക്കാർ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

(ഡി) കയർ വകുപ്പിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടും സംസ്ഥാനത്തെ കയർ മേഖലയിലെ സഹകരണ സംഘങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രോജക്ട് തിരിച്ചും സെമിനാറുകൾ നടത്തി പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിച്ചിരുന്നു. കയർ വികസന ഡയറക്ടറുടെ നിയന്ത്രണത്തിൽ കയർ വികസന ഡയറക്ടറേറ്റിൽ രൂപീകരിക്കപ്പെട്ടുന്ന സെൽ ആണ്, പദ്ധതിയുടെ പ്രവർത്തനം സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർനടപടികളും സ്വീകരിച്ചുവരുന്നു.

തൊണ്ട് ശേഖരണത്തിൽ കുടുംബശ്രീയുടെ പങ്കാളിത്തം

176 (3926) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും കയർ നിർമ്മാണത്തിനായി എത്ര ടൺ ചകിരിയാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ ; ഇതിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ചകിരി എത്ര ടൺ എന്നും തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്യുന്നത് എത്രയെന്നും വെളിപ്പെടുത്താമോ ;

(ബി) തൊണ്ട് സംഭരിക്കുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് ; ഇപ്പോൾ ഉണക്കത്തൊണ്ടിനും പച്ചത്തൊണ്ടിനും നൽകുന്ന വില എത്രയെന്നും തൊണ്ട് സംഭരിച്ച് നൽകുന്നവർക്ക് നൽകുന്ന പ്രതിഫലം എത്രയെന്നും വ്യക്തമാക്കാമോ ;

(സി) തൊണ്ട് ശേഖരിക്കുന്ന ജോലി കുടുംബശ്രീയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഓരോ ജില്ലയിൽ നിന്നും കുടുംബശ്രീകൾ ശേഖരിക്കുന്ന തൊണ്ട് ഒരു നിശ്ചിത സ്ഥാനത്ത് എത്തിച്ച് ഒരു ആഴ്ചയിലോ, ഒരു മാസത്തിലോ ആലപ്പുഴയിൽ എത്തിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കയർ മേഖലയിൽ കൂടുതൽ യന്ത്രവൽക്കരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഇലക്ട്രോണിക് റാട്ട് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ തൊഴിലാളികൾക്ക് ഇലക്ട്രോണിക് റാട്ട് സൗജന്യ നിരക്കിൽ നൽകുമോയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly